(i) Cut-motion regarding delimitation of constituencies and preparation of voters' list

Choudhury G. S. Dhara Singh *(Mattancheri)*: Sir, I move "To reduce the allotment of Rs. 2,553 under '16-General Administration—(viii)—Elections—Establishment' by Re. 1".

(To urge upon the Government the necessity of expediting the work of preparing the voters' list and delimiting the constituencies for the coming general elections). ന്മർ, ചീഫ് സെക്രട്ടറിയുടെ പ്രസംഗത്തിൽനിന്നുതന്നെ തിരഞ്ഞെടുപ്പു നടത്തുവാൻവേണ്ടി ഒരു ഡിപ്പാർട്ട്മെണ്ട് കഴെ മാസങ്ങൾക്കുമുമ്പു് സ്ഥാപിച്ചിട്ടുണ്ടെന്നു് മനസ്സിലാക്കാവുന്നതാണല്ലൊ. എന്നാൽ ഇതുവരേയും തൃപ്തികരമായ വിധത്തിൽ അതിന്റെ പ്രവർത്തനം മുമ്പോട്ടു പോയിട്ടുണ്ടെന്നു് പറയുവാൻ വിഷമമാണു്. അങ്ങിനെ ഒരു ഡിപ്പാർട്ട്മെണ്ടു് സൃഷ്ടിച്ചു് അതിന്റെ പ്രവർത്തനം കാര്യക്ഷമതയോടുകൂടി മുമ്പോട്ടു കൊണ്ടുപോകേണ്ടതിന്റെ ആവശ്യകതയെപ്പറ്റിയും, ഇനിയും അതു വൈകിച്ചുകൂടാ എന്നുള്ള അഭിപ്രായവും പ്രകടിപ്പിക്കുവാൻ വേണ്ടിയാണു് ഞാൻ ഈ ഉപക്ഷേപം ഇവിടെ അവതരിപ്പിച്ചിട്ടുള്ളതു്. ഈ കഴിഞ്ഞ ചിങ്ങത്തിലാണു് ഒരു വിളംബരം മഹാരാജാവു തിരുമനസ്സിൽനിന്നും പുറപ്പെടുവിച്ചതു്. അതിൽ പരിപൂർണ്ണ ഉത്തരവാദിത്വഭരണം നൽകുവാൻ ഉദ്ദേശിക്കുന്നുവെന്നും, അതിനു് ഒരു ഭരണഘടന തയ്യാറാക്കി ആ സംഗതി മുമ്പോട്ടു കൊണ്ടുപോകണമെന്നും ഉദ്ദേശിച്ചിരുന്നു. അതനുസരിച്ചു് ഒരു ഭരണഘടനോപദേശകസമിതിയേയും തിരഞ്ഞെടുത്തിട്ടുണ്ടു്. തിരഞ്ഞെടുപ്പു നടത്തുവാനും, വോട്ടേഴ്സ് ലിസ്റ്റു് തയ്യാറാക്കുവാനും ഒരു ഡിപ്പാർട്ട്മെണ്ടു് സൃഷ്ടിച്ചിട്ടുണ്ടു്. പക്ഷെ, ഇന്നുവരേയും അതിനുവേണ്ടി എന്താണു് പ്രവൃത്തിച്ചിട്ടുള്ളതെന്നു നോക്കിയാൽ, സംഗതികളെല്ലാം ഇരുട്ടിലാണു് കിടക്കുന്നതു്. അതിനെപ്പറ്റി ജനങ്ങൾക്കു് ഒന്നുംതന്നെ അറിഞ്ഞുകൂടാ. ഇപ്പോൾ അടുത്തകാലത്തു് വോട്ടേഴ്സ് ലിസ്റ്റു് തയ്യാറാക്കുവാൻ അദ്ധ്യാപകന്മാരോടു് ആവശ്യപ്പെട്ടിട്ടുണ്ടെന്നും ൫൦൦ വീടിന്നു് ൨൫ ക. ബോണസ്സായിട്ടു്—അവരുടെ പ്രവൃത്തിക്കു് ഒരു സമ്മാനമായിട്ടു്—നൽകാമെന്നുള്ള ഒരു പ്രസ്താവനോട്ടം കാണുകയുണ്ടായി. പക്ഷെ, അതു് അദ്ധ്യാപകന്മാർ സ്വീകരിച്ചിട്ടുണ്ടോ, പ്രവർത്തനം തുടങ്ങിയോ എന്നൊന്നും അറിഞ്ഞുകൂടാ. ഇപ്പോൾ ചീഫ് സെക്രട്ടറിയുടെ വക്കടിയിൽനിന്നു് മനസ്സിലാക്കുവാൻ സാധിക്കുന്നതു് പ്രവർത്തനം തുടങ്ങിട്ടില്ലെന്നാണു്. പ്രായപൂർത്തിവോട്ടവകാശത്തിന്റെ അടിസ്ഥാനത്തിന്മേൽ കൊച്ചിരാജ്യത്തിൽ ൨൧ വയസ്സായിട്ടുള്ളവരുടെ ഒരു വോട്ടേഴ്സ് ലിസ്റ്റു് തയ്യാറാക്കുകയെന്നുള്ളതു് നിസ്സാരമായിട്ടുള്ള ഒരു പ്രവൃത്തിയല്ല. വളരെ അധികം ഊർജ്ജിതമായും, ബുദ്ധിമുട്ടിയും, കാര്യക്ഷമമായും, നടത്തിക്കൊണ്ടുപോകേണ്ട ഒരു പ്രവർത്തനമാണു് ഇതു്. ഇതിന്റെ പ്രവർത്തനം എത്രത്തോളം നീണ്ടുപോകുന്നുവോ, അത്രത്തോളം നമ്മുടെ പരിപൂർണ്ണ ഉത്തരവാദിത്വഭരണത്തിലേക്കുള്ള പ്രയാണവും മന്ദഗതിയിൽ പോകുന്നുവെന്നു പറയാതെ തരമില്ല. എന്നു ഈ പ്രവർത്തനം അവസാനിക്കുന്നുവോ അന്നു് പുതിയ അടിസ്ഥാനത്തിന്മേൽ തിരഞ്ഞെടുപ്പു നടത്തി, അങ്ങിനെ തിരഞ്ഞെടുക്കുന്ന പ്രതിനിധികളുടെ സമ്മേളനം എന്നു കൂടുന്നുവോ അന്നാണു് കൊച്ചിയുടെ പുതിയ ഭരണഘടന പാസ്സാക്കുവാൻ സാധിക്കുന്നതു്. ഈ കാര്യം ഇനിയും നീട്ടിക്കൊണ്ടുപോകുവാൻ ഇടയാവാതെ മന്ത്രിമാരും ശ്രദ്ധിക്കണമെന്നാണു് എനിക്കു പറയുവാനുള്ളതു്. ഒരുപക്ഷെ മന്ത്രിമാർക്കു് പറയുവാൻ സാധിക്കുമായിരിക്കും അതു മന്ത്രിമാരുടെ നേരിട്ടുള്ള നിയന്ത്രണത്തിൻ കീഴിൽ ഉള്ള ഒരു ഡിപ്പാർട്ട്മെണ്ടല്ലായെന്നു്. എന്നാൽ ഈ കാര്യം മന്ത്രിമാർക്കു് കാബിനറ്റു കൂടുന്ന അവസരത്തിൽ ദിവാൻജിയെ ധരിപ്പിക്കുവാൻ സാധിക്കും. ആ നിലയിൽ അതിന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തി പ്രവൃത്തിക്കുവാൻ വേണ്ട ശ്രമങ്ങൾ ചെയ്യണമെന്നുള്ളതു് ഗവർമ്മെണ്ടിന്റെ ശ്രദ്ധയിൽ കൊണ്ടുവരുവാൻ വേണ്ടിമാത്രമാണു് ഞാൻ ഈ ഉപക്ഷേപം ഇവിടെ അവതരിപ്പിച്ചിട്ടുള്ളതു്. ഇന്നുള്ള നിയോജകമണ്ഡലങ്ങളുടെ വേർതിരിക്കൽ വളരെ അതൃപ്തികരമാണു്. ഇതു ഉണ്ടാക്കിയ കാലത്തു് പ്രത്യേക ഉദ്ദേശങ്ങൾ മനസ്സിൽവെച്ചുകൊണ്ടാണു് എന്നുള്ള അഭിപ്രായങ്ങൾ ഈ കൌൺസിലിൽ പല മെമ്പർമാരും പറഞ്ഞിട്ടുണ്ടു്. അപ്പോൾ അങ്ങിനെയുള്ള delimitation ഭൂമിശാസ്ത്രപരമായി തിട്ടപ്പെടുത്തേണ്ടതും, തീരുമാനിക്കേണ്ടതും ആ കമ്മിറ്റിയാണു്. ആ കമ്മിറ്റിക്കു് അലസത ഉണ്ടാകാതിരിക്കണമെന്നും, ഇതിന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തണമെന്നുമാണു് എനിക്കു പറയുവാനുള്ളതു്. എത്രയും വേഗത്തിൽ പുതിയ അടിസ്ഥാനത്തിന്മേൽ തിരഞ്ഞെടുപ്പു നടത്തി പരിപൂർണ്ണഉത്തരവാദിത്വഭരണം കൈവരിക്കുവാനും, തന്മൂലം കൊച്ചിയിൽ ജനകീയവും, ജനാധിപത്യപരവുമായ ഉത്തരവാദിത്വഭരണം സ്ഥാപിക്കുവാനും സാധിക്കുമെന്നുള്ള പ്രതീക്ഷ എല്ലാവർക്കും ഉണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

അങ്ങിനെയുള്ള ജനങ്ങളുടെ പ്രതീക്ഷയ്ക്കു വിരുദ്ധമായിട്ട് ഗവണ്മെണ്ട് പ്രവൃത്തിക്കുകയില്ലെന്നുള്ള വിശ്വാസത്തോടുകൂടി ഞാൻ ഈ പ്രമേയം അവതരിപ്പിച്ചുകൊള്ളുന്നു.

(ii) Cut-motion regarding the work of the Election Department be accelerated—Mr. P. Kumaran Ezhuthassan

Mr. P. Kumaran Ezhuthassan *(Vadakkancheri):* Mr. President, I move that the amount of Rs. 2,553 for Establishment—Election Department in Demand No. 38 be reduced by Re. 1. *To urge on the Government that the work of the Department may be accelerated.*

It was not Sir, only upon the study of the explanatory note with reference to this demand that my cut-motion was worded. There were additional factors also which came in hand o help me in wording the cut-motion. That was the sufficiently early receipt of the Budget Book for the next year. I find, Sir, at page 91 of that neatly printed book—"election officers—two—on a cadre of Rs. 200-300—Rs. 5,099" Establishment etc., amounting to Rs. 12,166 and allowances coming to Rs. 13,686 and contingencies coming to Rs. 1,42,900 in all a proposal to spend Rs. 2,37,800 in the course of next year on the Election Department. I emphasise 'in the course of next year'. A budget, which is not a play thing, but a well calculated, well reasoned, well thought out plan of expenditure for the ensuing year says that this department is to run on atleast for the first 11 months of the next year. The normal time of the election is Edavam, the Council normally ought to break up in the month of Meenam—that is the last meeting. This item is therefore an indication of the speed at which, whoever be at the helm of affairs, whether it be, the Ministers or whether it be the Cabinet or whether it be the Reforms Commissioner, whoever be at that work arrangements for the general election are made. The idea does not seem to be one of acceleration the purpose noted in my cut but one of retarding and that for very good reasons. I shall not explain. There is no necessity for it.

Mr. P. Govinda Menon *(Minister for Food and Education):* Please do.

Mr. P. Kumaran Ezhuthassan *(Vadakkancheri):* Mr. President, on the invitation of my esteemed friend I am constrained to give the reasons too. Now in place of the former practice of 20 long years we have noted a changed position as far as the members' remuneration is concerned. In place of the wooden Government of the previous years we have got—that is the assumption—a responsible Ministers' Government of a cabinet type with a reasonable pay of Rs. 500 for each of the Ministers, which all told costs the tax payer about Rs. 2,000 per individual member of the Ministry I mean each of the Ministers. Human nature being what it is, Sir, it is likely that no one in this enviroment will be anxious to feel that this should be put an end to and the ordeal, not the normal ordeal of a general election, but the peculiar kind of an election under an adult franchise system, in a country which has not been able to introduce compulsory Primary education even thus far. That is the ordeal instore in the general election field—a sight for the Gods to see! If people think, Sir, that anyone, inclusive of the Ministers will be attempting to put off that eventful day in Cochin history, you cannot reasonably blame that thing in that way. Our Ministers may not be thinking in that line, Sir, something at page 91 of the budget book. I am of the opinion, in support of such a feeling is here Sir, that these budget proposals also must have undergone the scrutiny of the Cabinet consisting of our 4 representatives in it. They will not say 'no' to this, I know they will not. Therefore with the imprimatur of the Hon'ble Ministers our representatives, the Government proposed to run this Election Department for full 11 months at least. Therefore it is, I submit Sir, that I have worded the cut motion that the election work may be accelerated. I have also followed up this cut motion through other methods open to me. This being the first opportunity I wanted to avail myself of that also, I have sent up a cut motion under this very head, just to show what my feelings in this matter are and what I want the Government to do. That may or may not be rectified. There are yet other methods also in my contemplation which I may have to resort to even today to see that the Government's attitude of supreme lethargy in the matter of this general election is forced to be given up by them, willingly or otherwise.

Now Sir, it was stated in answer to a query that the Commissioner for Election, that is the Commissioner for Reforms who was also given this title of Commissioner for Election Chief Officer for Elections was appointed long ago. The two Assistants were also appointed long ago—facts known to me and to every hon'ble colleague of mine in this House. Now Sir, these two gentlemen, these assistants on Rs. 200-300 have been drawing a comfortable pay for the month of Kumbham, Meenam, Medam, Edavam, Mithunam and Karkadagam which is close at

LIBRARY ARCHIVES Kerala Legislative Assembly